LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പത്രപ്രവർത്തക പെൻഷൻ പദ്ധതിയിലേക്ക് അംഗത്വത്തിനായും പെൻഷൻ അനുവദിക്കുന്നതിനായും സമർപ്പിച്ച അപേക്ഷകളുടെ ബാഹുല്യം നിമിത്തമാണ് കാലതാമസം നേരിട്ടത്. ഒരു ഡി.റ്റി.പി. ഓപ്പറേറ്ററുടെ സേവനം ഉപയോഗപ്പെടുത്തി പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് പെൻഷൻ അനുവദിക്കുന്നതിനും അംഗത്വം അനുവദിക്കുന്നതിനുമുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

(ബി) പെൻഷൻ ലഭിക്കുന്നതിനുള്ള 142 അപേക്ഷകളാണ് നിലവിൽ പരിഗണനയിലുള്ളത്. 2015 ഏപ്രിൽ വരെ സമർപ്പിച്ച അപേക്ഷകളാണ് ഇക്കൂട്ടത്തിൽ ഉള്ളത്.

(സി) & (ഡി) തൊഴിലാളികളുടെയും സർക്കാരിന്റെയും വിഹിതത്തോടൊപ്പം തൊഴിലുടമയുടെ വിഹിതം കൂടി ലഭിച്ചാൽ മാത്രമേ പത്രപ്രവർത്തകർക്കായി ക്ഷേമനിധി ബോർഡ് രൂപീകരിക്കുവാൻ കഴിയുകയുള്ളൂ. ഇതുസംബന്ധിച്ച് ചർച്ചകൾക്കായി പത്രമുടമകളിൽ നിന്നും അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. പത്രമുടമയുടെ വിഹിതംകൂടി ഉറപ്പുവരുത്തിയാൽ മാത്രമേ ക്ഷേമനിധി ഉറപ്പാക്കുവാൻ സാധിക്കുകയുള്ളൂ.

(ഇ) സംസ്ഥാനത്തെ പത്ര മാധ്യമ രംഗത്ത് ജീവനക്കാർക്കുള്ള വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന വേജ് ബോർഡുകൾ രൂപീകരിക്കുന്നത് കേന്ദ്ര സർക്കാരാണ്. പത്ര മേഖലയിൽ പുതിയ വേജ് ബോർഡ് രൂപീകരിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നില്ല.

പ്രവാസി ക്ഷേമ പദ്ധതി

74 (2906) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിലെ മലയാളികളുടെ എണ്ണം എത്ര; ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ ജോലി ചെയ്യുന്നത് എവിടെയാണ്; നിതാഖത് കർശനമാക്കിയ സൗദി അറേബ്യയിൽ ജോലി നോക്കുന്ന പ്രവാസി മലയാളികളുടെ എണ്ണം എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ ഏറ്റവും പുതിയ കണക്കു പ്രകാരം സംസ്ഥാനത്തെ ബാങ്കുകളിലെ പ്രവാസികളുടെ നിക്ഷേപം എത്ര കോടി രൂപയാണ്;

(സി) പ്രസ്തുത നിക്ഷേപം സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ സ്വപ്ന സാഫല്യം പദ്ധതി മുഖേന എത്ര പ്രവാസി മലയാളികളെ നാട്ടിലെത്തിക്കാൻ സാധിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഇ) നാളിതുവരെ നിതാഖത് വഴി തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികൾ എത്രയെന്നും ഇവർക്ക് തൊഴിൽ തുടങ്ങാനും പുനരധിവാസത്തിനും മറ്റുമായി എത്ര തുക ചെലവഴിച്ചുവെന്നും ആയതു പ്രകാരം എത്ര പേർക്ക് സഹായം ലഭ്യമായെന്നും ഇതുമായി ബന്ധപ്പെട്ട് ഇനിയും എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്) പ്രവാസികാര്യ വകുപ്പ് നിർത്തലാക്കി വിദേശകാര്യ വകുപ്പിൽ ലയിപ്പിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം റദ്ദാക്കാൻ സംസ്ഥാന സർക്കാർ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ജി) കേന്ദ്ര സർക്കാർ തീരുമാനം പുനഃപരിശോധിക്കുവാനും പ്രവാസി സംരക്ഷണം ഉറപ്പുവരുത്താനും ഈ സർക്കാർ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നോർക്ക വകുപ്പിനുവേണ്ടി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തിയ പ്രവാസി മലയാളി സെൻസസ് 2013 പ്രകാരം വിവിധ വിദേശ രാജ്യങ്ങളിലെ ആകെ പ്രവാസി മലയാളികളുടെ എണ്ണം 16,25,653 എന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ കേരളീയർ ജോലി ചെയ്യുന്ന രാജ്യം യു.എ.ഇ. ആണ്. കൂടാതെ സൗദി അറേബ്യയിൽ 4,21,313 പേർ ജോലി ചെയ്യുന്നു എന്നാണ് സർവ്വേ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(ബി) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ 2015 സെപ്റ്റംബർ മാസം വരെ 1,17,000 കോടിയോളം രൂപ കേരളത്തിലെ വിവിധ ബാങ്കുകളിൽ വിദേശ മലയാളികളിൽ നിന്നുള്ള ഡെപ്പോസിറ്റായി ലഭിച്ചിട്ടുണ്ട്.

(സി) പൊതുമേഖലാ ബാങ്കുകളിലെ പ്രവാസികൾ ഉൾപ്പെടെയുള്ളവരുടെ നിക്ഷേപം ആർ.ബി.ഐ. മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് വിനിയോഗിക്കപ്പെടുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് നിയമപരമായി ഇടപെടുവാൻ കഴിയുമെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്വപ്ന സാഫല്യം പദ്ധതി മുഖേന 94 പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) സൗദി അറേബ്യയിൽ നിതാഖത്ത് നിയമം കർശനമാക്കിയതിനെ തുടർന്ന് 1-4-2013 മുതൽ 31-12-2013 വരെ നോർക്ക റൂട്ട്സ് കേരളത്തിലെ എയർപോർട്ടുകളിലും ഓൺലൈനിലും ഏർപ്പെടുത്തിയിരുന്ന രജിസ്ട്രേഷൻ സംവിധാനത്തിൽ 22634 പേർ സൗദി അറേബ്യയിൽ നിന്നും തിരികെയെത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2013-ൽ നിതാഖത്ത് മുഖാന്തരം തിരികെയെത്തുന്ന പ്രവാസി കേരളീയരെ പുനരധിവസിപ്പിക്കുന്നതിനായി ഒരു പാക്കേജിന് രൂപം നൽകുകയും അതിലുൾപ്പെടുത്തിയിരുന്ന നോർക്ക് ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിയിലൂടെ സ്വയം തൊഴിൽ വായ്പകൾ നൽകി വരികയും ചെയ്യുന്നുണ്ട്. സൗദി അറേബ്യയിൽ നിന്നും തിരിതെയെത്തി രജിസ്റ്റർ ചെയ്ത 22634 പേരോട് സ്വയം തൊഴിൽ സംരംഭങ്ങൾ സംബന്ധിച്ച് അധിക വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും അങ്ങനെ അധിക വിവരങ്ങൾ 5783 പേർ ലഭ്യമാക്കിയിട്ടുമുണ്ട്. ഇവരിൽ സ്ക്രീനിംഗ് കഴിഞ്ഞവരുൾപ്പെടെ തിരികെയെത്തിയ 1072 പേർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുകയും ഇതിലേക്കായി 6.68 കോടി രൂപ സബ്സിഡി ഇനത്തിൽ ബാങ്കുകൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. അധിക വിവരങ്ങൾ ലഭ്യമാക്കിയവരിൽ സ്ക്രീനിംഗ് പൂർത്തിയാക്കിയ 2841 പേരുടെ അപേക്ഷകൾ ബാങ്കുകൾക്ക് കൈമാറിക്കഴിഞ്ഞു. അതിന്മേൽ വായ്പ ലഭ്യമാക്കുന്നതിന് ബാങ്കുകൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവരുടെ വിവരങ്ങൾ ഓൺലൈനായി ലഭ്യമാക്കി ജില്ലാതലത്തിൽ സ്ക്രീനിംഗ് നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2016 ജനുവരി 1 മുതൽ അപേക്ഷകൾ ഓൺലൈനായാണ് സ്വീകരിക്കുന്നത്. 2016 ജനുവരി 31 വരെ ഓൺലൈനായി അപേക്ഷിച്ച 1418 പേരുടെ സ്ക്രീനിംഗ് എല്ലാ ജില്ലകളിലും പുരോഗമിക്കുന്നു. ഇവരുടെ അപേക്ഷകൾ 29-2-2016-ന് മുമ്പ് ബാങ്കുകൾക്ക് കൈമാറാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്&ജി) കേന്ദ്ര പ്രവാസീകാര്യ മന്ത്രാലയം നിർത്തലാക്കിയ നടപടി പ്രവാസികളുടെ വിവിധ വിഷയങ്ങളിൽ വിവിധ മന്ത്രാലയങ്ങളുടെ ഏകോപനത്തിലൂടെ പരിഹാരം കാണുന്നതിന് തടസ്സമാകുമെന്നുള്ളതിനാൽ ഈ തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാരിന്റെ ശക്തമായ പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര പ്രവാസീകാര്യ മന്ത്രാലയം നിർത്തലാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ഇക്കാര്യത്തിലുള്ള ആശങ്ക അറിയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്ത് നൽകുകയും മുഖ്യമന്ത്രിയുടെയും പ്രവാസികാര്യ മന്ത്രിയുടെയും നേതൃത്വത്തിൽ കേന്ദ്ര വിദേശകാര്യമന്ത്രിയെ നേരിൽ കണ്ട് ആശങ്കകളും പ്രക്ഷേധവും അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ തീരുമാനം റദ്ദാക്കണമെന്നതാണ് സർക്കാർ ഉന്നയിച്ചിട്ടുള്ള ആവശ്യം.

LIBRARY ARCHIVES Kerala Legislative Assembly